**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1758** **29-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ ധന വകുപ്പിന്റെ സൂക്ഷ്മപരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | താരതമ്യേന വലിയ സാമ്പത്തിക ക്രയവിക്രയങ്ങൾ നടക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ പല തലത്തിലുള്ള ഓഡിറ്റിങ് സംവിധാനങ്ങൾ കിഫ്ബിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആക്ട് നിഷ്കർഷിക്കുന്ന വിധത്തിലുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിങ്, സി&എജി ഓഡിറ്റിങ്, കൂടാതെ ബോർഡ് ഏർപ്പെടുത്തിയ പിയർ റിവ്യൂ ഓഡിറ്റിംങ് ഇന്റേണൽ ഓഡിറ്റിംങ് എന്നിങ്ങനെ വിവിധ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനെല്ലാം പുറമെ ആക്ട് നിഷ്കർഷിക്കുന്ന മറ്റൊരു സംവിധാനമായ ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറീ കമ്മീഷൻ 6 മാസ കാലയളവിൽ കണക്കുകൾ പരിശോധിച്ച് വിലയിരുത്തി ഫിഡിലിറ്റി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാറുമുണ്ട്. ഈ സംവിധാനങ്ങളെല്ലാമുണ്ടെങ്കിലും ധനകാര്യ വകുപ്പിന്റെ സൂക്ഷ്മ പരിശേധന നടത്തുന്നതിന് നിലവിൽ തടസങ്ങളൊന്നുമില്ല. എങ്കിലും അത്തരമൊരു പരിശോധന അടിയന്തിരമായ നടത്തേണ്ട സാഹചര്യങ്ങൾ ഒന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ